**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5536** **05-07-2024 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ മേഖലയിലെ സംരംഭകത്വ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കും സംരംഭകർക്കും പുതു സംരംഭം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | **മൃഗസംരക്ഷണ മേഖലയിൽ നിലവിൽ ഒരു കർഷകനോ ഒരു സംരംഭകനോ പുതുതായി ഒരു സംരംഭം ആരംഭിക്കുമ്പോൾ ബിൽഡിങ്ങ് പെർമിറ്റ് , ഫാം ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി എന്നിവ ലഭിക്കേണ്ടതായിട്ടുണ്ട് . ഈ മൂന്ന് വ്യവസ്ഥകളും ഏകീകരിക്കുന്നതിനും ഇതിലൂടെ നിലവിലുള്ള ഫാം ലൈസൻസിങ് ചട്ടങ്ങൾ ലഘൂകരിച്ച കർഷക/ സംരംഭക സൗഹൃദമായ രീതിയിൽ പരിഷ്ക്കരിച്ച് ഒരു ഏകജാലക സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ ഇത്തരം പുതുസംരംഭകരെ ആകർഷിക്കുന്നതിനും, അവർക്ക് വേണ്ടുന്ന സാങ്കേതിക സഹായങ്ങൾ ഉറപ്പുവരുത്തുന്നതിനും പദ്ധതി നടത്തിപ്പിന് ആവശ്യമായിട്ടുള്ള സാമ്പത്തിക സഹായം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനും അതിനാവശ്യമായിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കു ന്നതിനും അവശ്യം വേണ്ടുന്ന ലൈസൻസുകൾ, രജിസ്ട്രേഷനുകൾ തുടങ്ങിയവ വിവിധ സ്ഥാപനങ്ങളിൽ നിന്നും നേടിയെടുക്കുന്നതിനുമായി വകുപ്പിന്റെ കീഴിൽ ഒരു "സംരംഭകത്വ വികസന സെൽ" രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതി നടത്തിപ്പിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.**<br><br>**ക്ഷീരവികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം, ഓച്ചിറ, അടൂർ, കോട്ടയം, കോഴിക്കോട്, ആലത്തൂർ, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ ക്ഷീര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ പരിശീലന കേന്ദ്രങ്ങളെല്ലാം ക്ഷീര സംരംഭകത്വ വികസന കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതിനു** |

തീരുമാനിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ പരിശീലനം നേടുന്ന ക്ഷീരകർഷകർക്കു പരിശീലനാന്തരം വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായങ്ങൾ ലഭിക്കുന്നതാണ്.

കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയിലെ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ, മറ്റ് സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, കർഷകർ എന്നിവരിൽ മൃഗസംരക്ഷണ സംരംഭകത്വ ശീലം വളർത്താനും വിജയകരമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അത് നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിനും ജീവിത വരുമാനം കണ്ടെത്തുന്നതിനും വേണ്ടി സംരംഭകത്വ ഡയറക്ടറേറ്റ് തന്നെ സർവ്വകലാ ശാലയിൽ നിലവിലുണ്ട്. സംരംഭകത്വ ഡയറക്ടറേറ്റിന്റെ കീഴിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്. ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററിന്റെ വിവിധ പ്രവർത്തനങ്ങളിലൂടെ പുതു സംരംഭകർക്കായി ഐഡിയേഷൻ പ്രോഗ്രാമുകൾ നടത്തുന്നുണ്ട്. മേഖലയുമായി ബന്ധപ്പെട്ട് നൂതന ആശയങ്ങൾ ലഭിക്കുന്നതിനും അത് മാർക്കറ്റിങ്ങ് തലത്തിൽ എത്തിക്കുന്നതിനും വേണ്ട ഇൻക്യുബേഷൻ സൗകര്യങ്ങളും ബിസിനസ് ഇൻക്യുബേഷൻ സെന്റർ ഒരുക്കുന്നു. കൂടാതെ നവീന ആശയങ്ങൾക്ക് എല്ലാ വിധ സാങ്കേതിക ശാസ്ത്രീയ സഹായവും സർവ്വകലാശാല നൽകുന്നുണ്ട്. അതിനുവേണ്ടി സർവ്വകലാശാല മറ്റു വിവിധ സാങ്കേതിക സ്ഥാപനങ്ങൾ, മറ്റ് സമാന സർക്കാർ, സർക്കാരിതര വകുപ്പുകൾ, സംഘടനകൾ, ഏജൻസികൾ എന്നിവരെ എല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നു. കൂടാതെ IEDC സെന്ററുകൾ ഓരോ കോളേജുകളിലും യൂണിവേഴ്സിറ്റി തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ young innovation program ഉൾപ്പെടുത്തി സ്റ്റാർട്ട് അപ്പ് മിഷനുമായി ചേർന്ന് സംരംഭകർക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിനുള്ള എല്ലാ സൗകര്യവും ലഭ്യമാണ്.

കേരളത്തിലെ മൃഗസംരക്ഷണ അനുബന്ധ മേഖലയിൽ ഭക്ഷ്യ ഉത്പാദനത്തിനും പോഷക സുരക്ഷക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വ്യാവസായിക അടിസ്ഥാനത്തിൽ പുനരുത്പാദനം അനന്തരോത്പാദനം എന്നിവക്കും സംരംഭകർക്ക് അനന്ത സാധ്യതകളാണ് ഉള്ളത്. അത്തരം സാധ്യതകളിൽ പുതിയ മേഖലകൾ കണ്ടെത്തി

| | | | |
|---|---|---|---|
| | | | എന്റർപ്രണർഷിപ്പ് സെന്ററുകളിലൂടെ ആധുനിക സാങ്കേതിക വിദ്യയിലൂന്നി സംരംഭകർക്കും കർഷകർക്കും സഹായമേകുന്നതു വഴി മേഖലയുടെ സമഗ്രവികസനം സാധ്യമാകും. അതോടൊപ്പം തൊഴിലില്ലാത്തവർ, തൊഴിലന്വേഷകർ എന്ന നിലയിൽ നിന്ന് മാറി തൊഴിൽ ദാതാക്കൾ ആകാനുള്ള അവസരം ലഭിക്കുന്നു. കൂടാതെ ഒരുപാട് തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കാനും സാധിക്കും. കേരളത്തിൽ പാൽ, മുട്ട, മാംസാതിഷ്ഠിത മൂല്യ വർധിത ഉത്പന്നങ്ങൾക്കുള്ള വിപണി സാധ്യത കൂടി മനസിലാക്കി പുതിയ ആശയങ്ങൾ കൊണ്ടുവന്ന് ഭക്ഷ്യ മേഖലയിലും പോഷക സുരക്ഷ മേഖലയിലും പുതിയ സംരംഭങ്ങൾ സൃഷ്ടിക്കാനും അതുവഴി "ഭക്ഷ്യ സുരക്ഷ, പോഷക സുരക്ഷ" എന്ന ലക്ഷ്യം കൈവരിക്കാനും ഇത്തരം സ്ഥാപനങ്ങൾക്ക് സാധിക്കും. ഇതുകൂടാതെ Farmers Producer Organizations രൂപീകരിച്ച് അവക്ക് എല്ലാ സാങ്കേതിക സഹായങ്ങളും നൽകി ഉത്പന്ന നിർമാണത്തിൽ ചെറുകിട മുതൽ വൻകിട വ്യവസായ യൂണിറ്റുകൾ ആക്കി മാറ്റുന്നതുവരെയുള്ള സാങ്കേതിക സഹായവും പിന്തുണയും നൽകാൻ സർവ്വകലാശാലയുടെ ഇത്തരം പ്രവർത്തനം കൊണ്ട് സാധ്യമാകും.<br><br>കേന്ദ്ര സർക്കാരിന്റെ സംരഭകത്വ വികസന പദ്ധതികളാണ് കേരള കന്നുകാലി വികസന ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ ലഘൂകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തും പദ്ധതി മാനദണ്ഡങ്ങൾ ലഘൂകരിക്കുന്നതാണ്. |
| (ബി) | സംരംഭകസൗഹൃദമായ രീതിയിൽ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനും ഏക ജാലക സംവിധാനം നടപ്പാക്കുന്നതിനുമുള്ള നടപടികൾ പരിഗണനയിലുണ്ടോ; | (ബി) | മൃഗസംരക്ഷണ മേഖലയിൽ ഒരു സംരംഭം ആരംഭിക്കുമ്പോൾ ബിൽഡിങ്ങ് പെർമിറ്റ് , ഫാം ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി എന്നീ മൂന്ന് വ്യവസ്ഥകളും ഏകീകരിക്കുന്നതിനും ഇതിലൂടെ നിലവിലുള്ള ഫാം ലൈസൻസിങ് ചട്ടങ്ങൾ ലഘൂകരിച്ച് കർഷക/ സംരംഭക സൗഹൃദമായ രീതിയിൽ പരിഷ്ക്കരിച്ച് ഒരു ഏകജാലക സംവിധാനം നടപ്പാക്കു ന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഈ സംവിധാനം വരുന്നതോടു കൂടി മൃഗസംരക്ഷണ ക്ഷീരമേഖലയിലേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ക്ഷീരവികസന വകുപ്പിനു കീഴിലുള്ള ക്ഷീര പരിശീലന കേന്ദ്രങ്ങളെ ക്ഷീര സംരംഭകത്വ വികസന കേന്ദ്രങ്ങളാക്കുക വഴി സംരംഭകർക്കു സാങ്കേതിക |

| | | | |
|---|---|---|---|
| | | | **സഹായങ്ങളും പ്രായോഗിക പരിശീലനങ്ങളും നല്കുന്നതിനു വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. പശു വളർത്തലോ, ഉല്പന്ന നിർമ്മാണ യൂണിറ്റോ ആരംഭിക്കുന്നതിനു താൽപര്യപ്പെടുന്ന സംരംഭകനു അതിനുള്ള എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും സൗകര്യങ്ങളും ഒരു സ്ഥലത്തിൽ നിന്നും ലഭ്യമാകുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.** |
| (സി) | ഇത് പ്രസ്തുത മേഖലയിലെ സംരംഭകത്വ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് സഹായകമാകുമോ; വിശദാംശം നൽകുമോ? | (സി) | **അതെ; നിലവിലുള്ള ഫാം ലൈസൻസിങ് ചട്ടങ്ങൾ ലഘൂകരിച്ച കർഷക/സംരംഭക സൗഹൃദമായ രീതിയിൽ പരിഷ്ക്കരിച്ച് ഒരു ഏകജാലക സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഈ സംവിധാനം വരുന്നതോടു കൂടി മൃഗസംരക്ഷണ ക്ഷീരമേഖലയിലേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കാൻ സാധിക്കും. കൂടാതെ ഇത്തരം പുതു സംരംഭകരെ ആകർഷിക്കുന്നതിനും അവർക്ക് വേണ്ടുന്ന സാങ്കേതിക സഹായങ്ങൾ ഉറപ്പുവരുത്തുന്നതിനും പദ്ധതി നടത്തിപ്പിന് ആവശ്യമായിട്ടുള്ള സാമ്പത്തിക സഹായം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനും അതിനാവശ്യമായിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും അവശ്യം വേണ്ടുന്ന ലൈസൻസുകൾ, രജിസ്ട്രേഷനുകൾ തുടങ്ങിയവ വിവിധ സ്ഥാപനങ്ങളിൽ നിന്നും നേടിയെടുക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഒരു "സംരംഭകത്വ വികസന സെൽ" രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതി നടത്തിപ്പിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ